**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4097** **27-10-2021 - ൽ മറുപടിയ്ക്ക്**

**വിമുക്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മഞ്ഞളാംകുഴി അലി** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിമുക്തി പദ്ധതി ആരംഭിച്ചത് എന്നാണ്; എന്താണ് ഇതിന്റെ ഉദ്ദേശലക്ഷ്യം എന്ന് വ്യക്തമാക്കുമോ; | (എ) | 06.10.2016 ലെ GO(Ms) No.94/2016/TD നമ്പർ ഉത്തരവ് പ്രകാരമാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് മദ്യ വർജ്ജനത്തിന് പ്രോത്സാഹനം നൽകാനും ലഹരി വസ്തുക്കളുടെ ഉപഭോഗം പൂർണമായും ഇല്ലാതാക്കാനും ലക്ഷ്യമിട്ടാണ് കേരളസംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുള്ളത്. സമൂഹത്തിലെ എല്ലാ വിഭാഗത്തിലുമുള്ള പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉപഭോഗത്തിനെതിരെ അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച്, നിയമവിരുദ്ധ ലഹരിവസ്തുക്കളുടെ ശേഖരണം, കടത്തൽ, അവയുടെ ഉറവിടം എന്നിവ കണ്ടെത്തി അവ ഇല്ലായ്മ ചെയ്ത് 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുക എന്നതാണ് വിമുക്തി മിഷന്റെ ഉദ്ദേശ ലക്ഷ്യം. |
| (ബി) | ഈ പദ്ധതി ആരംഭിയ്ക്കുമ്പോൾ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിച്ചിരുന്നു; കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | 2014-15 ലെ മദ്യ നയമനുസരിച്ച് 5 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് മാത്രമേ ബാർ ലൈസൻസുകൾ അനുവദിച്ചിരുന്നുള്ളൂ എന്നതിനാലും, നിലവാരമില്ലെന്ന് ബഹു.സുപ്രീംകോടതി പരാമർശിച്ച 418 ബാർ ഹോട്ടലുകൾ ബിയർ/വൈൻ പാർലർ ആക്കി മാറ്റിയതിനാലും, വിമുക്തി പദ്ധതി ആരംഭിക്കുമ്പോൾ സംസ്ഥാനത്ത് 30 ബാറുകൾ മാത്രമേ പ്രവർത്തനത്തിലുണ്ടായിരുന്നുള്ളൂ. |
| (സി) | സംസ്ഥാനത്ത് നിലവിൽ എത്ര ബാറുകൾ പ്രവർത്തിയ്ക്കുന്നുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ; | (സി) | നിലവിൽ സംസ്ഥാനത്ത് 664 ബാറുകൾ പ്രവർത്തിയ്ക്കുന്നുണ്ട്. |
| (ഡി) | മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിന് സഹായിക്കുന്ന തരത്തിൽ ബാറുകളുടെയും മദ്യശാലകളുടെയും എണ്ണം കുറയ്ക്കുന്നതിന് പകരം | (ഡി) | വിമുക്തി മിഷൻ വിജയകരമായി തന്നെയാണ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. മദ്യശാലകളുടെ വർദ്ധനവ് ഒരു രീതിയിലും വിമുക്തി പദ്ധതിയെ |

| | | | |
|---|---|---|---|
| | വ്യാപകമായി ഇവയ്ക്ക് അനുമതി നൽകിയതാണ് വിമുക്തി പദ്ധതി നാളിതുവരെ ലക്ഷ്യം കാണാഞ്ഞതിന് കാരണമായതെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ബാറുകളുടെയും മദ്യശാലകളുടെയും എണ്ണത്തിലെ ഈ ക്രമാതീതമായ വർദ്ധനവ് വിമുക്തി പദ്ധതിയെ ഏതെല്ലാം രീതിയിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | | ബാധിച്ചിട്ടില്ല. മദ്യശാലകളുടെ എണ്ണവും മദ്യ ഉപയോഗവും തമ്മിൽ ബന്ധിപ്പിക്കാൻ കഴിയില്ല. കണക്കുകൾ പരിശോധിക്കുമ്പോൾ പുതിയ ബാറുകൾക്ക് അനുമതി നൽകിയതുകൊണ്ട് മദ്യവിൽപ്പനയിൽ വർദ്ധനവ് ഉണ്ടായിട്ടില്ല എന്നാണ് കാണുന്നത്. ബാറുകൾ പൂട്ടുന്നതിലൂടെ മദ്യ ഉപയോഗം കുറയ്ക്കാമായിരുന്നെങ്കിൽ ബാറുകൾ പൂട്ടിക്കിടന്ന 2014-15 മുതൽ 2016-17 വരെ മദ്യ ഉപയോഗം കുറയണമായിരുന്നു. എന്നാൽ ഇക്കാലത്ത് മദ്യ ഉപഭോഗത്തിൽ വലിയ കുറവ് ഉണ്ടായിട്ടില്ലായെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. |

സെക്ഷൻ ഓഫീസർ